SUNDAY 26.05.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/05/2024

1. കേരളത്തിലെ കർഷകർക്ക് മികച്ചയിനം നെൽവിത്തുകൾ ലഭ്യമാക്കുന്നതിൽ തടസമില്ലെന്ന് കൃഷിവകുപ്പ്. വരുന്ന ജൂൺ മാസത്തിൽ ആരംഭിക്കുന്ന വിരിപ്പ് സീസണിലേക്കായി മികച്ച ഗുണമേന്മയുള്ള നെൽവിത്തുകൾ കൃഷിഭവനിലൂടെ വിതരണം ചെയ്യുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായി. കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി, സ്റ്റേറ്റ് സീഡ് ഫാമുകൾ, കാർഷിക സർവകലാശാല, നാഷണൽ സീഡ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള വിവിധ സംസ്ഥാന സ്ഥാപനങ്ങളും ഈ വിതരണ പ്രക്രിയയിൽ സജീവമായി പങ്കുചേരുന്നു. ഉമ, ജ്യോതി, മട്ടത്രിവേണി, മനുരത്ന, കുഞ്ഞുകുഞ്ഞ് എന്നീ നെല്ലിനങ്ങളാണ് വിതരണത്തിനായി ഒരുക്കിയിരിക്കുന്നത്. സംസ്ഥാനത്തുടനീളം കർഷകർക്ക് ആവശ്യമുള്ള നെൽവിത്തുകൾ കൃഷിഭവനുകൾ മുഖേന എത്തിക്കാനുള്ള ക്രമീകരണങ്ങൾ കൃഷിവകുപ്പ് എടുത്തിട്ടുണ്ടെന്നും അധികാരികൾ അറിയിച്ചു.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്രവിഭാഗത്തിൽ ഒരു കൂർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ കൂർക്ക തലകൾ വിൽപനക്ക് തയ്യാറായിട്ടുണ്ട്. വിൽപന സമയം രാവിലെ 9:00 മണി മുതൽ 4:00 മണി വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല കൃഷിഭവനിൽ, ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രത്തിൽ നിന്നുള്ള ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണത്തിന് എത്തിയിട്ടുണ്ട്. തൈ ഒന്നിന് 50 രൂപയാണ് വില. ആവശ്യമുള്ളവർ കൃഷിഭവനുമായി ബന്ധപ്പെടുക.

4. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലനകേന്ദ്രത്തിൽ വെച്ച് 01.06.2024ന് ലോകക്ഷീര ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. എൽ.പി വിഭാഗം (ക്രയോൺസ്), യൂ.പി വിഭാഗം (വാട്ടർ കളർ), ഹൈസ്കൂൾ വിഭാഗം (പെൻസിൽ ഡ്രോയിംഗ്) എന്നീ ചിത്രരചന മത്സരങ്ങളും ഹൈസ്കൂൾ ഹയർ സെക്കണ്ടറി വിഭാഗത്തിനായി പ്രബന്ധ രചന, ക്വിസ്സ് മത്സരം എന്നിവയും ഉണ്ടായിരിക്കും. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും 9645922324 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. സർക്കാർ പൊതുമേഖലാസ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉൽപ്പാദിപ്പിക്കുന്ന 2 മാസം പ്രായമായ ഗ്രാമശ്രീ ഇന ത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ഈ മാസം 20 (20/05/2024) മുതൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000915, 0471-2468585 എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണിവരെ കോഴിക്കുഞ്ഞുങ്ങളെ ബുക്ക് ചെയ്യാവുന്നതും, വാങ്ങാവുന്നതുമാണ്.

6. നൻമ, മേൻമ, ശ്രേയ- മരച്ചീനി ഇല അധിഷ്ഠിത ജൈവ ഉൽപന്നങ്ങൾ സി. റ്റി. സി. ആർ. ഐ. യിൽനിന്നും ലഭിക്കും. നൻമ, മേൻമ, ശ്രേയഎന്നീ പരിസ്ഥിതി സൗഹൃദ മരച്ചീനി അധിഷ്ഠിത ജൈവഉൽപന്നങ്ങൾ വാഴയിലെ തടതുരപ്പൻ പോലുള്ള തുരപ്പൻ കീടങ്ങൾ; മീലിമൂട്ട, വെള്ളീച്ചകൾ, ഇലപ്പേനുകൾ, ചെള്ളുകൾ പോലുള്ള വിവിധയിനം നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ; പ്രാരംഭ ഘട്ടത്തിലുള്ള പുഴുക്കൾ എന്നിവയുടെയെല്ലാം നിയന്ത്രണത്തിന് വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ജൈവഉൽപന്നങ്ങൾ വാങ്ങാൻ താല്പര്യമുള്ളവർ ശ്രീകാര്യത്തുള്ള കേന്ദ്രകിഴങ്ങുവിളഗവേഷണസ്ഥാപനത്തിലെ (സി. റ്റി. സി. ആർ. ഐ.) ഫാർമർ ഫെസിലിറ്റേഷൻ സെന്ററുമായി ബന്ധപ്പെടണം.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും 01/06/2024 മുതൽ 31/05/2025 വരെയുള്ള ഒരു വർഷ കാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം 28/05/2024-ന് പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ് 1000 രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. കേരള കാർഷിക സർവ്വകലാശാല 2024 -25 അധ്യയന വർഷത്തെ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച പുതിയ കോഴ്സുകൾക്കുൾപ്പെടെയാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. വിവിധ കോഴ്സുകളുടെ പ്രോസ്പക്റ്റസ്, ഫീസ് ഘടന, സീറ്റുകളുടെ എണ്ണം തുടങ്ങിയ വിശദാംശങ്ങൾ അറിയാനായി www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി : കൃഷി ശാസ്ത്രം, ഓർഗാനിക് അഗ്രികൾച്ചർ എന്നീ ഡിപ്ലോമ കോഴ്സുകൾക്ക് ജൂൺ 14 (14.06.2024) വരെയും, മറ്റു കോഴ്സുകൾക്ക് ജൂൺ 11 (11.06.2024) വരെയും അപേക്ഷിക്കാം. കൂടുതൽ അന്വേഷണങ്ങൾക്കായി, 0487-2438139, 0487-2438143 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

9. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എൻ്റർപ്രിണർഷിപ്പ് ആന്റ് മാനേജ്മെൻ്റും (NIFTEM –T) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയവും സംയുക്തമായി സെൻസറി സയൻസും വിശകലനവും എന്ന വിഷയത്തിൽ 2024 മെയ് 30 ന് ഒരു ദിവസത്തെ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 590/-

രൂപ. പേര് രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി ഈ മാസം 27 (ജൂൺ 27). ഫോൺ – 9894244344, 9080153435, വെബ്സൈറ്റ് – niftemt.ac.in

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ 2016-17 മുതൽ നടത്തിവരുന്ന, ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന തേനീച്ചപരിപാലനസർട്ടിഫിക്കറ്റ് കോഴ്സ് ഈ വർഷവും തുടരുന്നതാണ്. രണ്ടാഴ്ചയിൽ ഒരുദിവസം എന്ന കണക്കിൽ ഒരുവർഷം നീണ്ടുനിൽക്കുന്നതാണ് ഈ പരിശീലനപരിപാടി. തേനീച്ചവളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗികപരിശീലനവും ഇതിൽ ഉൾപെടുന്നു. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധികവരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗികപരിചയം സഹായിക്കും. മെയ് മാസം മുതൽ തുടങ്ങുന്ന ഈ കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് വിശദവിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ 7306464582 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം